**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1966** **06-07-2022 - ൽ മറുപടിയ്ക്ക്**

**തീരദേശ പരിപാലന അതോറിറ്റിക്കുള്ള അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തീരദേശ പരിപാലന അതോറിറ്റി മുമ്പാകെ സമർപ്പിച്ച അപേക്ഷകളിൽ തീരുമാനമെടുക്കാൻ ബാക്കിയുള്ളവയുടെ എണ്ണം വ്യക്തമാക്കാമോ; | (എ) | തീരദേശ പരിപാലന അതോറിറ്റിയിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനം കൈകൊണ്ട് അപേക്ഷകൾ തീർപ്പാക്കി വരുന്നു. ഇതിനായി എല്ലാ മാസവും ഓരോ തവണ സംസ്ഥാനതല സമിതിയും ജില്ലാതല സമിതിയും കൂടുകയും പരമാവധി അപേക്ഷകൾ തീർപ്പാക്കി വരികയും ചെയ്യുന്നുണ്ട്. CRZ ക്ലിയറൻസിനായുള്ള 786 അപേക്ഷകളാണ് നിലവിൽ തീരുമാനമെടുക്കാനായി ബാക്കിയുള്ളത്. |
| (ബി) | പ്രസ്തുത അതോറിറ്റിക്ക് സമർപ്പിക്കുന്ന അപേക്ഷകളിൽ തീരുമാനമെടുക്കുന്നത് വൈകുന്നതുമൂലം സർക്കാർ കെട്ടിടങ്ങളും വാസഗൃഹങ്ങളും നിർമ്മിക്കുന്നതിന് തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | തീരദേശ പരിപാലന അതോറിറ്റിയിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനം കൈകൊണ്ട് അപേക്ഷകൾ തീർപ്പാക്കി വരുന്നു. ഇതിനായി എല്ലാ മാസവും ഓരോ തവണ സംസ്ഥാനതല സമിതിയും ജില്ലാതല സമിതിയും കൂടുകയും പരമാവധി അപേക്ഷകൾ തീർപ്പാക്കി വരികയും ചെയ്യുന്നുണ്ട്. CRZ ക്ലിയറൻസിനായുള്ള 786 അപേക്ഷകളാണ് നിലവിൽ തീരുമാനമെടുക്കാനായി ബാക്കിയുള്ളത്. |
| (സി) | അപേക്ഷകളിൽ തീരുമാനമെടുക്കുന്നത് വേഗത്തിലും സമയബന്ധിതമായും ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) | കേരള തീരദേശ പരിപാലന അതോറിറ്റി തീരദേശ ജില്ലകളിൽ ജില്ലാകമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. CRZ III മേഖലയിലെ വികസന നിഷിദ്ധ മേഖലയായ കടലിന്റെ വേലിയേറ്റ രേഖയിൽ നിന്നും 100 മീറ്ററിനും, കായൽ/നദി/തോട് എന്നിവയുടെ വേലിയേറ്റ രേഖയിൽ നിന്നും 100 മീറ്ററിനും അല്ലെങ്കിൽ ജലാശയത്തിന്റെ വീതി ഏതാണോ കുറവ്, കായൽ തുരുത്തുകളുടെ കാര്യത്തിൽ വേലിയേറ്റ രേഖയിൽ നിന്ന് 50 മീറ്ററിനും ഇടയിൽ നിലവിലുള്ള തറവിസ്തീർണ്ണത്തിനു വിധേയമായി വീടുകളുടെ അറ്റകുറ്റപണികൾക്കും പുനർ നിർമ്മാണത്തിനും, കടലിന്റെ വേലിയേറ്റ രേഖയിൽ നിന്ന് 100 മീറ്ററിനും 200മീറ്ററിനും ഇടയിൽ 100 ചതുരശ്രമീറ്റർ വരെ തറ വിസ്തീർണമുള്ള വീടുകളുടെ |

| | | | |
|---|---|---|---|
| | | | നിർമ്മാണത്തിനും, പുനർനിർമ്മാണത്തിനും അറ്റകുറ്റപണികൾക്കും, വികസന നിഷിദ്ധ മേഖലയുടെ വെളിയിൽ (കടലിൽ നിന്നും 200 മീറ്ററിനും 500 മീറ്ററിനും ഇടയിൽ) 250 ചതുരശ്രമീറ്റർ വരെ തറ വിസ്തീർണമുള്ള വീടുകളുടെ നിർമ്മാണത്തിനും പുനർ നിർമ്മാണത്തിനും അറ്റകുറ്റപണികൾക്കും അനുമതി നൽകുന്നതിനുള്ള അധികാരവും, CRZ II മേഖലയിൽ 250 ചതുരശ്രമീറ്റർ വരെ തറ വിസ്തീർണമുള്ള ഭവനങ്ങൾക്ക് CRZ അനുമതി നൽകുന്നതിനുള്ള അധികാരവും 08.11.2021 വരെ നിർമ്മാണം പൂർത്തിയാക്കിയ വാസഗൃഹങ്ങൾക്ക് അനുമതി നൽകുന്നതിനുള്ള അധികാരവും ജില്ലാ കമ്മിറ്റികൾക്ക് നൽകിയിട്ടുണ്ട്. അപേക്ഷകൾ വരുന്ന മുറയ്ക്ക് എല്ലാ മാസവും ഓരോ തവണ സംസ്ഥാന കമ്മിറ്റിയും ജില്ലാതല കമ്മിറ്റിയും കൂടി പരമാവധി അപേക്ഷകൾ തീർപ്പാക്കി വരുന്നു. |
| (ഡി) | ഗുരുവായൂർ മണ്ഡലത്തിൽ നിന്നും ലഭിച്ച അപേക്ഷകളിൽ തീരുമാനമെടുക്കാൻ ബാക്കിയുള്ള അപേക്ഷകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | മണ്ഡലം കേന്ദ്രീകരിച്ച് അപേക്ഷകൾ തീരദേശ പരിപാലന അതോറിറ്റിയിൽ ലഭിക്കാറില്ല. അതാത് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി മുഖേനയും തീരദേശ പരിപാലന അതോറിറ്റിയുടെ State Committee/DLC കളിൽ നിന്നുമുള്ള അപേക്ഷകളുമാണ് ലഭിക്കുന്നത്. ആയതിനാൽ മണ്ഡലാടിസ്ഥാനത്തിലുള്ള അപേക്ഷകളുടെ വിവരങ്ങൾ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ